KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel: +91-471-2318922, Fax: +91-471-2315893, Email: ksidc@vsnl.com, www.ksidc.org
CIN: U45309KL1961SGC001937

# പത്രക്കുറിപ്പ്

**17-06-2023**

**ശനി**

## വ്യവസായം ഈസിയായി: കെ-സ്വിഫ്റ്റിലൂടെ ഞൊടിയിടയിൽ അനുമതികൾ

**രജിസ്റ്റർ ചെയ്തത് 63263 സംരംഭകർ, 36713 എംഎസ്എംഇകൾക്ക് അക്നോളജ്മെന്റ് സർട്ടിക്കറ്റുകൾ, വിവിധ വകുപ്പുകളുടെ 3431 അനുമതികൾ**

വ്യവസായ സൗഹൃദമായ കേരളത്തിൽ സംരംഭകത്വം കൂടുതൽ ജനകീയവും സുഗമവുമാക്കുകയാണ് കെഎസ്ഐഡിസി. വ്യവസായവുമായി ബന്ധപ്പെട്ട അനുമതികൾക്ക് വിവിധ വകുപ്പുകൾ കയറിയിറങ്ങാതെ കെ-സ്വിഫ്റ്റിലൂടെ ഏതാനും ക്ലിക്കിലൂടെ ഇതുവരെ ക്ലിയറൻസ് നേടിയത് 36,713 എംഎസ്എംഇകൾ. 63,263 സംരംഭകരാണ് ഇതിനകം പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. വകുപ്പിൽ നിന്നുള്ള വിവിധ അനുമതിക്കായി സമർപ്പിച്ച 5,469 അപേക്ഷകളിൽ 3,431 അപേക്ഷകൾക്ക് ഇതുവരെ അനുമതി നൽകി.

വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസുകളും അനുമതികളും വേഗത്തിൽ ലഭ്യമാക്കാൻ 2019ലാണ് കെ-സ്വിഫ്റ്റ് പോർട്ടൽ ആരംഭിച്ചത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സജ്ജമാക്കിയിട്ടുള്ള ഏകജാലക ക്ലിയറൻസ് വെബ് പോർട്ടലായ കെ-സ്വിഫ്റ്റിലൂടെ സർക്കാരിന് കീഴിലുള്ള 21 വകുപ്പുകളിൽ നിന്നുള്ള 85 ലേറെ അനുമതികൾ ഒരൊറ്റ വെബ് പോർട്ടലിലൂടെ നേടിയെടുക്കാം. ആവശ്യമായ

വിവരങ്ങളും രേഖകളും അടക്കം ശരിയായ രീതിയിൽ അപേക്ഷ സമർപ്പിച്ചാൽ സംസ്ഥാന നിയമങ്ങളുടെ കീഴിലുള്ള അനുമതികളെല്ലാം 30 ദിവസത്തിനുള്ളിൽ കെ-സ്വിഫ്റ്റ് വഴി തീർപ്പു കൽപ്പിക്കും. 30 ദിവസത്തിനുള്ളിൽ അനുമതി ലഭ്യമായില്ലെങ്കിൽ കൽപ്പിത അനുമതികൾ നൽകുന്നതിന് പോർട്ടലിൽ സംവിധാനമുണ്ട്. അപേക്ഷകൾ വച്ചു താമസിപ്പിക്കാനോ സംരംഭകനെ അനാവശ്യ കാര്യങ്ങൾ പറഞ്ഞ് ഓഫീസുകൾ കയറ്റിയിറക്കാനോ ഉദ്യോഗസ്ഥർക്ക് സാധിക്കില്ല. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതിനോടൊപ്പം നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കുന്നതിനും കെ-സ്വിഫ്റ്റ് മുഖേനെ സാധിക്കും.

## സിംപിളാണ് കെ-സ്വിഫ്റ്റ്

കെ-സ്വിഫ്റ്റ് വന്നതോടെ ലൈസൻസ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട ഇതുവരെയുണ്ടായിരുന്ന എല്ലാ ആശങ്കകളും മാറി. ഓരോ സംരംഭത്തിനും ആവശ്യമായ അനുമതികളെക്കുറിച്ച് കെ-സ്വിഫ്റ്റ് തന്നെ സംരംഭകന് നിർദേശങ്ങൾ നൽകും. അപേക്ഷകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ് ആയോ ഇ-മെയിൽ വഴിയോ സംരംഭകന് അതത് സമയത്ത് ലഭിക്കും. വീട്ടിലിരുന്നും അപേക്ഷാ ഫീസ് അടക്കാം. ഡിജിറ്റൽ സൈൻ ചെയ്ത സർട്ടിഫിക്കറ്റുകൾ സംരംഭകർക്ക് ഡൗൺലോഡ് ചെയ്യാം. പരാതികളുണ്ടെങ്കിൽ ഓൺലൈനായി നൽകാം. മതിയായി ഫീസ് നൽകി അനുമതികൾ സ്വയമേവ പുതുക്കാം. കെഎസ്ഐഡിസി, കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകൽ, തൊഴിൽ നികുതി അടയ്ക്കുന്നതിനുള്ള സൗകര്യം എന്നിവയെല്ലാം കെ-സ്വിഫ്റ്റിലുണ്ട്.

## അപേക്ഷിക്കാം, ഏതാനും ക്ലിക്കിലൂടെ

www.kswift.kerala.gov.in എന്ന കെ-സ്വിഫ്റ്റ് പോർട്ടൽ വഴി ഏതൊരാൾക്കും അപേക്ഷ നൽകാം. ആദ്യം ഇ-മെയിലും മൊബൈൽ നമ്പറും നൽകി ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തണം. വിവിധ വകുപ്പുകളുടെ അനുമതി നേടാനും ലഭിച്ച അനുമതികൾ പുതുക്കാനും File common application form (CAF) for approvals ക്ലിക്ക് ചെയ്യണം. മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽപ്പെടാത്ത സംരംഭം ആരംഭിക്കാൻ MSME Acknowledgement Certificate എന്ന ഇനത്തിലാണ് ക്ലിക്ക്

ചെയ്യേണ്ടത്. അപേക്ഷകളുടെ വിവിധ ഘട്ടങ്ങളുടെ വിവരങ്ങൾ കൃത്യമായി അറിയാൻ സാധിക്കുന്ന ഡാഷ്ബോർഡുണ്ട്. ടെക്നോളജിയുടെ വിനിയോഗത്തിലൂടെ സംരംഭകർക്ക് അങ്ങേയറ്റം സുഗമമായ സംവിധാനമാണ് കെ-സ്വിഫ്റ്റിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

..........................................................................................